(ബി) ഇതു സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. യുമായി എന്തെല്ലാം ചർച്ച നടത്തി ;

(സി) ട്രക്ക് നിർമ്മാണശാല സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

ഉത്തരം

(എ) ഉണ്ട്. 1997 സെപ്റ്റംബറിലായിരുന്നു വന്നത്.

(ബി) പ്രാഥമിക ചർച്ചകൾക്കുശേഷം അമേരിക്കയിലെ എംറ്റാം ഇന്റർ നാഷണൽ ഐനി എന്ന കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ശ്രീ. ഉമ്മൻസക്കറിയ മലബാറിൽ ഒരു ആട്ടോ മൊബൈൽ യൂണിറ്റു തുടങ്ങുവാനായി കെ.എസ്.ഐ.സി. യുമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി. അതിന്റെ മുതൽ മുടക്ക് ഏകദേശം 77 മില്യൻ ഡോളറാണ്.

(സി) മഹാരാഷ്ട്ര, ഡൽഹി സംസ്ഥാനങ്ങളിലേക്ക് ബസ് ട്രക്ക് എന്നിവ നൽകുന്നതിനുള്ള ടെൻഡർ ലഭിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ പദ്ധതിയുടെ നടപടികൾ കമ്പനി ആരംഭിച്ചത്. എന്നാൽ പ്രസ്തുത സംസ്ഥാനങ്ങൾ അവരുടെ പരിപാടികളിൽ മാറ്റം വരുത്തിയതിനാൽ കമ്പനിക്ക് ഇത്തരം വാഹനങ്ങളുടെ നിർമ്മാണം ആവശ്യമില്ലാതെ വരുകയും കേരളത്തിലെ പദ്ധതിയിൽനിന്ന് പിന്മാറുകയും ചെയ്തു.

കാസർഗോഡ് പെട്രോ കെമിക്കൽ കോംപ്ലക്സ്

139 (1405) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 7000 കോടി രൂപ മുതൽ മുടക്കിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ ശ്രീകൃഷ്ണാപെട്രോ കെമിക്കൽസുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നുവോ ; എങ്കിൽ എന്ന് ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് അറിയിക്കാമോ ;

(സി) ഈ പദ്ധതി ഇതുവരെ നടക്കാതിരിക്കാൻ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഒമാൻ ആസ്ഥാനമാക്കിയുള്ള പെട്രോ കെം. ഏഷ്യയുമായി കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കാമോ ;

(ഇ) കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് ചന്ദോരിയാനുമായി ചർച്ചകൾ നടത്തിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ അവർ പെട്രോകെമിക്കൽസ് വ്യവസായം സംസ്ഥാനത്ത് ആരംഭിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഒപ്പുവച്ചിരുന്നു. 17-2-1997-ൽ

(ബി & സി) മതിയായ പുരോഗതി ഇല്ലാത്തതുകാരണം ശ്രീകൃഷ്ണാ പെട്രോ കെമിക്കൽസുമായി കെ.എസ്.ഐ.ഡി.സി. ഒപ്പുവച്ചിരുന്ന ധാരണാപത്രം പിന്നീട് റദ്ദാക്കുകയുണ്ടായി. 7000 കോടി രൂപയോളം ചെലവുള്ള ഈ പദ്ധതി നടപ്പാക്കാൻ അനുയോജ്യമായ ഒരു പ്രൊമോട്ടറെ കണ്ടെത്തുവാനുള്ള കെ.എസ്.ഐ.ഡി.സി.-യുടെ ശ്രമം ഇതുവരെ ഫലവത്തായിട്ടില്ല.

(ഡി) ഒമാൻ ആസ്ഥാനമാക്കിയുള്ള ടെകോദേവ് (പെട്രോകെം) എന്ന കമ്പനി പ്രാരംഭങ്ങളിൽ ഈ പദ്ധതിയിൽ തൽപ്പരരായിരുന്നുവെങ്കിലും പിന്നീട് ഈ സംരംഭത്തിൽ നിന്നും പിന്മാറി.

(ഇ) പ്രാരംഭ ചർച്ചകൾ നടത്തിയിരുന്നു.

(എഫ്) 'ടെകോദേവ്' നെപോലെ ചന്ദേരിയായും പ്രാരംഭദശയിൽ ഈ പദ്ധതിയിൽ തല്പരരായിരുന്നുവെങ്കിലും പിന്നീട് പിന്മാറുകയാണുണ്ടായത്. അതിന്റെ യഥാർത്ഥകാരണം അറിവില്ല. എങ്കിലും പദ്ധതിക്കുവേണ്ടി വരുന്ന വലിയ മുതൽ മുടക്കും ലോകത്താകമാനം, പ്രത്യേകിച്ച് തെക്ക് കിഴക്കൻ ഏഷ്യയിൽ അന്ന് ഉണ്ടായിരുന്ന സാമ്പത്തിക മാന്ദ്യവുമാണ് അതിനുള്ള കാരണങ്ങളെന്ന് കരുതപ്പെടുന്നു.

ഇരുമ്പുരുക്ക് വ്യവസായ ശാല

140 (1406) ശ്രീ. കെ. സി. ജോസഫ് :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, ടിസ്കോയുടെ ആഭിമുഖ്യത്തിൽ 5000 കോടി രൂപയുടെ മുതൽ മുടക്കിൽ ഒരു ഇരുമ്പുരുക്ക് വ്യവസായശാല സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ നിലയെന്താണ് എന്നറിയിക്കാമോ ;

ഉത്തരം

(എ) ഉണ്ടായിരുന്നു. 1997-ൽ ടിസ്കോയുടെ വിദഗ്ദ്ധ സംഘം സ്ഥലം സന്ദർശിക്കുകയുണ്ടായി.

(ബി) സാദ്ധ്യതാ പഠനത്തിനുശേഷം കാസർഗോഡ് മേഖലയ്ക്കു പകരം ഒറീസയിലെ ഗോപാൽപൂർ തെരഞ്ഞെടുത്തതായി അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly